(4) ജോലിക്കുവേണ്ടി വിദേശ പൗരത്വം സ്വീകരിച്ചശേഷം മടങ്ങിവന്നിട്ടുള്ള കേരളീയരുടെ ദയനീയസ്ഥിതി

ശ്രീ. പി. വി. മുഹമ്മദ്: സർ, വളരെ പ്രാധാന്യമർഹിക്കുന്ന ഒരു പ്രശ്നത്തിലേയ്ക്കാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധ ഞാൻ ക്ഷണിക്കുന്നത്. 1947–നുമുമ്പ് നമ്മുടെ രാജ്യത്ത് ജനിക്കുകയും വളരുകയും അതിനുശേഷം ജീവിക്കാൻവേണ്ടി നാടുവിട്ട് പോകുകയും ചെയ്ത പല സുഹൃത്തുക്കളും ഉണ്ട്. അവർ മലേഷ്യാ, സിംഗപ്പൂർ അതുപോലുള്ള യൂറോപ്യൻ രാജ്യങ്ങളിലൊക്കെ ജീവിക്കാൻവേണ്ടിയാണ് പോയത്. അതിനുശേഷം ഒരു ദുർബ്ബല നിമിഷത്തിൽ അവരുടെ ജീവിതത്തിനുവേണ്ടി അവിടെ നിൽക്കേണ്ട ഒരു സാഹചര്യം വന്നപ്പോൾ ഇൻഡ്യൻ പാസ്പോർട്ട് മാറ്റി അവർ അദ്ധ്വാനിക്കുന്ന രാജ്യങ്ങളുടെ പാസ്പോർട്ട് എടുത്ത് അവിടത്തെ പൗരത്വം സ്വീകരിക്കുകയുണ്ടായി. സർ, അത്തരം ആളുകളിൽ വാർദ്ധക്യം കൊണ്ടും രോഗംകൊണ്ടും ജോലികൾ നഷ്ടപ്പെട്ടതുമൂലം തിരിച്ച് നമ്മുടെ നാട്ടിൽവന്നു ജീവിക്കുന്നവർ ധാരാളമുണ്ട്. അവരുടെ സ്ഥിതിയെന്താണെന്നുപറഞ്ഞാൽ ഇന്നും അവരുടെ കൈയിലുള്ളത് ബ്രട്ടീഷ് പാസ്പോർട്ടും അല്ലെങ്കിൽ സിങ്കപ്പൂർ, മലേഷ്യാ ഗവൺമെൻറുകളുടെ പാസ്പോർട്ടുകളുമാണ്. ഇവിടെ പൗരത്വത്തിനുവേണ്ടി അവരിൽ പലരും അപേക്ഷിച്ചിട്ടുണ്ട്. എന്നാൽ അവരുടെ അപേക്ഷ പരിഗണിച്ചുകൊണ്ട് ഇൻഡ്യൻ പൗരത്വം കൊടുത്തിട്ടില്ല. മലേഷ്യയിലും സിംഗപ്പൂരിലും പൗരത്വം സ്വീകരിച്ചവരുടെ സ്ഥിതി യെന്താണെന്നുപറഞ്ഞാൽ അഞ്ചും പത്തും കൊല്ലങ്ങളായി അവരും ഇവിടെ രോഗികളായി കിടക്കുകയാണ്. അഞ്ചു കൊല്ലം കഴിഞ്ഞാൽ അവർക്ക് തിരിച്ച് അവിടെ പോകാൻ കഴിയുകയില്ല. അവിടെ പോകാനും കഴിയുകയില്ല ഇവിടെ ജീവിക്കാനും കഴിയുകയില്ലെന്ന ഒരു സ്ഥിതിയി ലാണ് ധാരാളം ആളുകൾ ഇങ്ങനെ കഷ്ടപ്പാട് അനുഭവിക്കുന്നത്. അവ രുടെ പേരിൽ ഇപ്പോഴും പോലീസ് നടപടികളും ആരംഭിച്ചിരിക്കുകയാണ്. പലയിടങ്ങളിലും അവരെയെല്ലാം പിടിച്ചു കൊണ്ടുപോയി ജയിലിൽ ഇട്ടി രിക്കുകയാണ്. എന്നുമാത്രമല്ല രണ്ടുകൊല്ലം കഴിഞ്ഞ് തിരിച്ചുപോ കാത്ത ആളുകളെ പിടിച്ച് ജയിലിൽ ഇടണമെന്നാണ് ഇപ്പോൾ പോലീസിന് നൽകിയ പുതിയ നിർദ്ദേശം. ഇത് വളരെയധികം പ്രയാസം സൃഷ്ടി ക്കുകയാണ്. നമ്മുടെ നാട്ടിൽ ജനിച്ചവരാണ് അവർ. പക്ഷേ ഒരു ദുർബ്ബല നിമിഷത്തിൽ ജീവിക്കാൻവേണ്ടി അവർ പാസ്പോർട്ടുകൾ എടുത്തുപോയിയെന്ന ഒരു സ്ഥിതിയാണ്. അത്തരം ആളുകൾക്ക് അവരുടെ ഇൻഡ്യൻ പൗരത്വത്തിനുള്ള അപേക്ഷകളിൻമേൽ പെട്ടെന്നു തീരു മാനമാക്കാനുള്ള നടപടിയും അതിൽ തീരുമാനമാകുന്നതുവരെ അവരെ ജയിലിൽ പാർപ്പിക്കുന്ന നടപടികളിൽനിന്നും സംസ്ഥാന ഗവൺമെൻറ് ഈ കാര്യത്തിൽ ചെയ്യാൻ കഴിയുന്നതൊക്കെ ചെയ്യണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഇതിലുള്ള പ്രയാസമെന്താണെന്നുവച്ചാൽ ഇപ്പോൾ ജയിലിലേയ്ക്ക് പിടിച്ചുകൊണ്ടുപോയ ആളുകൾ അഞ്ചും എട്ടും കൊല്ലം ഈ രാജ്യത്ത് ജീവിച്ചവരാണ്. അവർക്ക് ഇനി വന്ന രാജ്യത്തേയ്ക്ക് തിരിച്ചുപോകാൻ കഴിയുകയില്ല. അതായത് മലേഷ്യയിലേക്കോ സിംഗപ്പൂരിലേക്കോ അവർക്ക് ഇനി തിരിച്ചുപോകാൻ കഴിയുകയില്ല. അവിടെ പോകാനും കഴിയുകയില്ല ഇവിടെ നിൽക്കാനും കഴിയുകയി ല്ലെന്നുള്ളത് വളരെ ഖേദകരമായ ഒരു വസ്തുതയാണെന്നു മാത്രമല്ല സർ, അവർ നമ്മുടെ നാട്ടുകാർതന്നെയാണ്. അവർ ജീവിക്കാനുള്ള ആവശ്യ ത്തിനുവേണ്ടി ഒരു പാസ്പോർട്ട് എടുത്തുപോയിയെന്ന ഒരു സ്ഥിതി

LIBRARY ARCHIVES Kerala Legislative Assembly

യാണ്. അല്ലാതെ ബോധപൂർവ്വം മറ്റു രാജ്യത്തിന്റെ പൗരത്വം സ്വീകരിച്ചവരല്ല അവർ. ഇത്തരത്തിലുള്ള ധാരാളംപേർ നമ്മുടെ സംസ്ഥാനത്ത് ഉണ്ട്. അതുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി, വേണ്ടപ്പെട്ട നടപടികൾ അടിയന്തിരമായി ഈ കാര്യത്തിൽ സ്വീകരിക്കണമെന്ന് ഞാൻ വിനീതമായി അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, ഈ കാര്യത്തിൽ അത്രയധികം ആശങ്കയുണ്ടെന്ന് എനിക്ക് തോന്നുന്നില്ല. നമ്മുടെ ഇൻഡ്യാക്കാർ, പ്രത്യേകിച്ചും കേരളീയർ സ്വാതന്ത്ര്യത്തിനുമുമ്പ് ലോകത്തിന്റെ പല ഭാഗങ്ങളിലും സ്വന്തം രാജ്യംപോലെ ജീവിച്ചുവരുന്നവരാണ്. കാരണം നമ്മളൊക്കെ ബ്രിട്ടീഷുകാരുടെ കീഴിലായിരുന്നതുകൊണ്ടാണ്. ബ്രിട്ടനെക്കുറിച്ച് പറയുന്നതുതന്നെ സൂര്യൻ അസ്തമിക്കാത്ത സാമ്രാജ്യത്തിന്റെ നായകൻമാരാണ് എന്നാണ്. ആ നിലയിൽ എല്ലാ ഭാഗത്തും ജീവിക്കുന്ന ആളുകൾക്കും ബ്രിട്ടീഷ് പാസ്പോർട്ടാണ് ഉണ്ടായിരുന്നത്. അങ്ങനെ പോയിട്ടുള്ള ആളുകൾക്കും സ്വാതന്ത്ര്യ സമ്പാദനത്തിനുശേഷം പോയിട്ടുള്ള മറ്റു രാജ്യങ്ങളിൽ ഇപ്പോഴും സ്ഥിരതാമസമാക്കിയിട്ടുള്ള ആളുകൾക്കും തിരിച്ചുവരണമെന്ന് ആഗ്രഹമുണ്ടെങ്കിൽ അവർ തിരിച്ചുവന്നാൽ ഇൻഡ്യൻ പൗരത്വം കൊടുക്കുന്നതിന് ഇന്ന് യാതൊരു തടസ്സവുമില്ല. പക്ഷേ ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ച ചില അസൗകര്യങ്ങളുണ്ടാകും സർ. ഇൻഡ്യാ വിഭജനത്തെത്തുടർന്ന് കുറെ ആളുകൾ പാക്കിസ്ഥാനിൽ പൗരൻമാരായി അവിടെ ജോലി ചെയ്തുവരുന്നവരുണ്ടായിരുന്നു. കേരളീയരെ സംബന്ധിച്ചിടത്തോളം അവർക്ക് അവരുടെ ജോലിക്കാലം കഴിഞ്ഞാൽ തിരിച്ചുവരണമെന്ന് ആഗ്രഹമുള്ളവരാണ്. അങ്ങനെ സർവ്വീസിൽ ആളുകളിരിയ്ക്കുന്നതുകൊണ്ട് ബന്ധുക്കൾ അവിടെ പോയി അവിടത്തെ പൗരത്വം സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. യഥാർത്ഥത്തിൽ കേരളത്തിൽനിന്ന് പോകുന്ന ആളുകളെ സംബന്ധിച്ചിടത്തോളം ഏതെങ്കിലും മറുസ്ഥലത്ത് പോയി ജീവിക്കാൻ ആഗ്രഹിച്ചിട്ടുള്ളവർ അല്ല; തിരിച്ച് മടങ്ങാൻ ആഗ്രഹിക്കുന്നവരാണ്. കേരളീയരെക്കുറിച്ച് പറയുകയാണെങ്കിൽ അവസാനം ആറടി മണ്ണിനുവേണ്ടി കേരളത്തിലേയ്ക്ക് തിരിച്ചുവരാൻ ആഗ്രഹിക്കുന്നവരാണ് എന്നാണ്. ആ നിലയിൽ കേരളത്തിലേയ്ക്ക് തിരിച്ചുവരാൻ ആഗ്രഹിക്കുന്നവർക്ക് ചില ബുദ്ധിമുട്ടുകളുണ്ടാകുന്നു എന്നുള്ള ഒരു പരാതിയുണ്ട്. അതായത്, ഇൻഡ്യയിൽ താമസിക്കുന്നതിനുവേണ്ടി പാസ്പോർട്ട് ഉള്ള, ഇൻഡ്യയിൽ വന്നു താമസിച്ചതിനുശേഷം ആ നിശ്ചിത കാലയളവിനുള്ളിൽ തിരിച്ചുപോകാതിരിക്കുകയും അവിടത്തെ പൗരത്വം ഉപേക്ഷിച്ച് ഇൻഡ്യൻ പൗരത്വം സ്വീകരിക്കാൻ തയ്യാറാകുകയും തയ്യാറാകാതിരിക്കുകയും ചെയ്യുന്ന അവസ്ഥയിൽ കാലാവധി കഴിഞ്ഞ് ഇവിടെ താമസിക്കുന്ന ആളുകളെ ഇവിടെ താമസിപ്പിക്കാൻ നിവൃത്തിയില്ല. അവരെ ഇൻഡ്യയിൽനിന്ന് പുറത്തേയ്ക്ക് അയക്കേണ്ടതായിട്ടുണ്ട്. അതുകൊണ്ട് പൗരത്വത്തിനുവേണ്ടി അപേക്ഷിക്കുന്ന ആളുകൾക്ക് കാലതാമസം കൂടാതെ പൗരത്വം കൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. സംസ്ഥാന ഗവൺമെന്റ് ഈ കാര്യത്തിൽ പ്രത്യേകിച്ചും വളരെ വേഗതയിൽ കാര്യങ്ങൾ നീക്കുന്നുണ്ട്. അതുകൊണ്ട് ഇൻഡ്യയിൽത്തന്നെ പൗരത്വം സ്വീകരിക്കാൻ തയ്യാറുള്ള ആളുകളാണെങ്കിൽ അതിന് അപേക്ഷിച്ചാൽ നടപടികൾ സ്വീകരിക്കാം. അല്ലാതെ താൽക്കാലികമായി വന്ന് കാലാവധിക്കുശേഷം താമസിക്കാനാണെങ്കിൽ അത് പ്രയാസമായിരിക്കും. അങ്ങനെയുള്ള കാര്യങ്ങളിൽ ഗവൺമെന്റിന് സഹായകരമായ ഒരു നിലപാട് സ്വീകരിക്കാൻ സാധിക്കുകയില്ല. ഇതാണ് ഇതിന്റെ യഥാർത്ഥ നില.

LIBRARY ARCHIVES Kerala Legislative Assembly